LIBRARY ARCHIVES Kerala Legislative Assembly

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 33 (7), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 37(7) എന്നിവ പ്രകാരം, കടൽമാർഗ്ഗമല്ലാത്ത ദ്വീപിലേയ്ക്കുള്ള ജലവീഥിയെ (Water Way), കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള വഴി (Access) ആയി പരിഗണിക്കുമ്പോഴും അഗ്നിശമന സേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നിഷ്കർഷിക്കുന്നുണ്ട്.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള നഗര ഗ്രാമാസൂത്രണ ഓർഡിനൻസ് പ്രകാരമുള്ള പ്ലാനുകളിലേയും വ്യവസ്ഥകളാണ് ഈ വകുപ്പുമായി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ളത് സംബന്ധിച്ച് നിയമവ്യവസ്ഥകൾ. മേൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം VIII, IX, X എന്നിവയിൽ യഥാക്രമം ചെറിയ പ്ലോട്ടുകളിലെ നിർമ്മാണം, നിരനിരയായ കെട്ടിടങ്ങൾ, സാമ്പത്തിക അവശ വിഭാഗങ്ങൾക്കുള്ള സ്കീമുകളിലെ കെട്ടിട നിർമ്മാണം എന്നിവ സംബന്ധിച്ചത് പ്രതിപാദിക്കുന്നത് പൊതുവേ 4-ൽ താഴെ നിലകളുള്ള കെട്ടിട നിർമ്മാണങ്ങൾക്കുള്ള ചില വ്യവസ്ഥകളാണ്. മേൽപ്പടി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ മറ്റ് അദ്ധ്യായങ്ങളിൽ അതാതു സംഗതിപോലെ 4 നിലയോ, 16 മീറ്റർ വരെ ഉയരമുള്ളതോ ആയ കെട്ടിടങ്ങൾക്കോ, അവയുടെ അനുബന്ധമായി വരാവുന്ന മറ്റ് നിർമ്മാണങ്ങൾക്കോ ബാധകമാകാവുന്നതുമായ വ്യവസ്ഥകളാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

നഗരവികസന പദ്ധതി

108 (1579) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കുടുംബങ്ങൾക്ക് നഗരവികസന പദ്ധതി പ്രകാരം ഭവനങ്ങൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്;

(ബി) എത്ര കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു; അവ എന്നത്തേക്ക് പൂർത്തിയാവും; വിശദമാക്കുമോ;

(ഡി) രാജീവ് ആവാസ് യോജന പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്; പ്രസ്തുത പദ്ധതി പ്രകാരം പണി നടന്നുവരുന്ന വീടുകളുടെ അവസ്ഥ എന്താകുമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബി.എസ്.യു.പി. പദ്ധതി പ്രകാരം 6468 പുതിയ വീടുകളും ഐ.എച്ച്.എസ്.ഡി.പി. പദ്ധതി പ്രകാരം 3758 പുതിയ വീടുകളും ആയി 10226 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(ബി) 480-ഓളം ചേരികളിൽ ബി.എസ്.യു.പി, ഐ.എച്ച്.എസ്.ഡി.പി. പദ്ധതികൾ പ്രകാരം അടിസ്ഥാന സൗകര്യ വികസന സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ കീഴിലുള്ള തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളിലായി കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് കോളനികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കുടിവെള്ള പദ്ധതികൾ, ഓടനിർമ്മാണം, നടപ്പാത നിർമ്മാണം, അംഗനവാടികളുടെ നിർമ്മാണം, പബ്ലിക് ടോയ്ലറ്റുകളുടെ നിർമ്മാണം, കമ്മ്യൂണിറ്റിഹാൾ, മഴവെള്ള സംഭരണികൾ തുടങ്ങിയ വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിൽ 74 കോളനികളിലായി വിവിധ പ്രവൃത്തികളും കൊല്ലം കോർപ്പറേഷനിൽ 47 കോളനികളിലായി 57 പദ്ധതികളും കൊച്ചി കോർപ്പറേഷനിൽ 28 കോളനികളിലും, തൃശ്ശൂർ കോർപ്പറേഷനിൽ 66 കോളനികളിലും കോഴിക്കോട് കോർപ്പറേഷനിൽ 40 കോളനികളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

(സി) ബി.എസ്.യു.പി. പദ്ധതിയിൽ 2504 പുതിയ വീടുകളുടെയും ഐ.എച്ച്.എസ്.ഡി.പി. പദ്ധതിയിൽ 1750 പുതിയ വീടുകളുടെയും പണി പുരോഗമിക്കുന്നു. വ്യക്തിഗത ഭവനങ്ങൾ എല്ലാം തന്നെ ഗുണഭോക്താക്കളാണ് നിർമ്മാണം നടത്തുന്നത്. പ്രസ്തുത നിർമ്മാണങ്ങൾ എല്ലാം 2017 മാർച്ച് 31-നു മുമ്പായി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) രാജീവ് ആവാസ് യോജന പദ്ധതി നിർത്തലാക്കിയിട്ടുണ്ട്. ചേരി വികസനം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ മുൻ കേന്ദ്ര സർക്കാരിന്റെ കാലയളവിൽ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ആവാസ് യോജന. എന്നാൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന പുതിയ മന്ത്രിസഭ, നയത്തിൽ മാറ്റം വരുത്തുകയും 2022-ഓടെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ "പ്രധാനമന്ത്രി ആവാസ് യോജന" എന്ന പദ്ധതി ആരംഭിക്കുകയും ചെയ്തു.

'രാജീവ് ആവാസ് യോജന' പദ്ധതി കാലയളവിൽ, കേന്ദ്ര അംഗീകാരം ലഭിച്ച 5 പദ്ധതികൾ (തിരുവനന്തപുരത്തെ മതിപ്പുറം, കൊച്ചിയിലെ ഇരുമ്പനം, കൊല്ലത്തെ എസ്.എം.പി. പാലസ്, തൃശ്ശൂർ നെല്ലങ്കര ലക്ഷം വീട്, കോഴിക്കോട് മാലൂർക്കുന്ന് ചേരികളുടെ വികസന പ്രവർത്തനങ്ങൾ) തുടരുന്നതിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് കേന്ദ്ര സഹായവും ലഭ്യമാകും.